Malappuram District Police

# 08/11/2017 പൊന്നാനി

കുട്ടികൾക്ക് കഞ്ചാവ് വിൽക്കുന്ന രണ്ടുപേരെ തീരദേശ പോലീസിന്റെ സഹായത്തോടെ പൊന്നാനി പോലീസ് പിടികൂടി. നിരവധി മയക്കുമരുന്ന് കേസുകളിലും പോലീസിനെ ആക്രമിച്ച കേസിലും പ്രതിയായ പൊന്നാനി മരക്കടവ് സ്വദേശി തറീക്കാനകത്ത് ഹനീഫ, മുക്കാടി സ്വദേശി അശ്‌റഫ് എന്നിവരെയാണ് പിടികൂടിയത്. കുട്ടികൾക്ക് നൽകാനായി ചെറിയ പൊതിയിലാക്കിയ നിലയിൽ കഞ്ചാവ് ഇവരിൽനിന്ന് കണ്ടെടുത്തു. പൊന്നാനി എസ്.ഐ.കെ. നൗഫലിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. പൊന്നാനി കോടതിയിൽ ഹാജരാക്കിയ ഇരുവരെയും റിമാൻഡ്ചെയ്തു.